**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5428** **03-11-2021 - ൽ മറുപടിയ്ക്ക്**

**ദേശീയപാതയിൽ കക്കൂസ് മാലിന്യങ്ങൾ തള്ളുന്നുവെന്ന പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ദേശീയപാതകളുടെ വിവിധ ഭാഗങ്ങളിൽ വ്യാപകമായി കക്കൂസ് മാലിന്യങ്ങൾ തള്ളുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത്തരത്തിലുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ദേശീയപാത 544-ൽ പുതുക്കാട് മണ്ഡലത്തിൽപ്പെട്ട തലോർ ബി.ആർ.ഡി.യ്ക്ക് എതിർവശത്തായി നിരന്തരം കക്കൂസ് മാലിന്യങ്ങൾ തള്ളുന്നത് സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും പോലീസിൽ നൽകിയ പരാതിയിന്മേൽ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ; | (ബി) | തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ പുതുക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള BRD Car World ന് എതിർവശത്ത് ദേശീയപാതയിൽ 19.03.2021 ൽ കക്കൂസ് മാലിന്യങ്ങൾ ശേഖരിച്ച് കൊണ്ട് വന്ന KL-59-B-8251 നമ്പർ ടാങ്കർ ലോറി റോഡരികിൽ നിർത്തി കക്കൂസ് മാലിന്യം നിക്ഷേപിക്കുവാൻ ശ്രമിച്ച കാര്യത്തിന് പുതുക്കാട് പോലീസ് സ്റ്റേഷൻ ക്രൈം നം.193/21 u/s 269, 277,278,34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ പ്രദേശത്ത് നിരന്തരം കക്കൂസ് മാലിന്യങ്ങൾ തള്ളുന്നത് സംബന്ധിച്ച് നെന്മണിക്കര ഗ്രാമപഞ്ചായത്തിൽ നിന്ന് പരാതികളൊന്നും പുതുക്കാട് പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടില്ല. എന്നാൽ കക്കൂസ് മാലിന്യം നിറച്ച KL-10 AA 4290, KL-10 BE 8462, KL-10 AK 2179, KL-08 AU 0737 എന്നീ വാഹനങ്ങൾ പാലിയേക്കര ബാഡ് ബോയ് പെട്രോൾ പമ്പിന് സമീപമുള്ള സർവീസ് സ്റ്റേഷനോട് ചേർന്ന ഷെഡിൽ നിർത്തിയിട്ടിരിക്കുന്നതായി ഗ്രാമ പഞ്ചായത്ത് അധികൃതർ കണ്ടെത്തുകയും 21.10.2021 ൽ സീഷർ മഹസ്സർ തയ്യാറാക്കി പരാതി സഹിതം സ്റ്റേഷനിൽ 22.10.2021 തീയതി സമർപ്പിക്കുകയും അതനുസരിച്ച് പുതുക്കാട് പോലീസ് സ്റ്റേഷൻ ക്രൈം 609/21 u/s 269 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. |
| (സി) | പാതയോരങ്ങളിലും മറ്റും കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ളവ തള്ളുന്ന ക്രിമിനലുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നിലവിലുള്ള | (സി) | 1994 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 340 വകുപ്പ് പ്രകാരം ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുന്നതിന് നിരോധനം |

| | | | |
|---|---|---|---|
| | നാമമാത്രമായ പിഴശിക്ഷ വർദ്ധിപ്പിച്ച് ജയിൽ ശിക്ഷ ഉൾപ്പെടെ ഉറപ്പ് വരുത്തുന്നതിനുമാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ആക്ട് പ്രകാരം ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുകയോ ഇടുവിക്കയോ ചെയ്യുന്ന ആൾക്കെതിരെ തത്സമയം തന്നെ 250/- രൂപയിൽ കവിയാത്ത തുക പിഴശിക്ഷയായി ചുമത്തേണ്ടതും, അപ്രകാരം ചുമത്തിയ പിഴത്തുക പതിനഞ്ചു ദിവസത്തിനകം മുനിസിപ്പൽ ഫണ്ടിൽ അടക്കേണ്ടതും അപ്രകാരം അടയ്ക്കാത്ത പക്ഷം അയാളുടെ മേൽ സെക്രട്ടറി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതുമാണ്. 340 (എ)- ാം വകുപ്പ് പ്രകാരം ചവറോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജല സ്രോതസുകളിലും നിക്ഷേപി ക്കുന്നതിനെതിരെയുള്ള നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. 208 എ വകുപ്പ് (1)- ാം ഉപവകുപ്പ് പ്രകാരം മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായ ഒരു പൊതു ജലമാർഗ്ഗത്തിലോ ജലാശയത്തിലോ അപ്രകാരമുള്ള ജലസ്രോതസ്സിലോ ചവറോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ നിക്ഷേപിക്കുകയോ അതിലേക്ക് മലിനജലം ഒഴുക്കുകയോ, മറ്റ് ഏതെങ്കിലും വിധത്തിൽ ജലം ദൂഷിപ്പിക്കുകയോ, അത്തരം ഒരു പ്രവൃത്തി ചെയ്യുന്നതിന് ആരെയെങ്കിലും നിയമിക്കുകയോ, നിയോഗിക്കുകയോ, നിർബ ന്ധിക്കുകയോ, പ്രേരിപ്പിക്കുകയോ ചെയ്താൽ ആ കുറ്റം കൊഗ്നൈസിബിലും ജാമ്യം ഇല്ലാത്തതുമാണ്. കൂടാതെ കുറ്റസ്ഥാപത്തിനുമേൽ പതിനായിരം രൂപയിൽ കുറയാതെയും 25000/- രൂപയിൽ കവിയാതെയുമുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കുന്നു. 340 (എ) വകുപ്പ് പ്രകാരമുള്ള ഒരു കുറ്റ കൃത്യം ചെയ്യുന്നതിനുള്ള ഉദ്ദേശത്തോടെ മാലിന്യമോ വിസർജ്യ വസ്തുക്കളോ പൊതു സ്ഥലങ്ങൾ വഴി കടത്തികൊണ്ടുപോകുന്നതോ, അഥവാ അപ്രകാരം നിക്ഷേപിക്കുന്നതിന് ഉപയോ ഗിച്ചതിനുശേഷം തിരികെ പോകുന്നതോ ആണെന്ന് ന്യായമായി സംശയിക്കാൻ കാരണമുള്ള വാഹനത്തെ വകുപ്പ് 340 ( ബി) പ്രകാരം പിടിച്ചെടുത്ത് നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചശേഷം അധികാരിതയുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കുന്നു. അപ്രകാരം പിടിച്ചെടുക്കപ്പെട്ട ഒരു വാഹനം, അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചശേഷം വിട്ടുകൊ ടുക്കുകയോ കണ്ടുകെട്ടുകയോ ചെയ്യുന്നു. കണ്ടുകെട്ടുന്ന വാഹനങ്ങൾ ലേലം ചെയ്ത് തുക മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽക്കൂട്ടുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ